# കൈരളീകടാക്ഷം

മൂന്നാം ഭാഗം.

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# കൈരളീകടാക്ഷം

മൂന്നാം ഭാഗം.

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# വിഷയാനുക്രമം


| | | |
|---|---|---|
| 1 | പൌരുഷം | (ശ്ലോകം) |
| 2 | വസന്തം | (കേക) |
| 3 | വായു | (കാകളി) |
| 4 | മരണം | (ശ്ലോകം) |
| 5 | തിരുവനന്തപുരം | (വഞ്ചിപ്പാട്ട്) |
| 6 | ബന്ധു | (കേക) |
| 7 | ഒരു രാജകുമാരി | (മഞ്ജരി) |
| 8 | സമുദ്രം | (ശ്ലോകം) |
| 9 | മണ്ണുണ്ണ് | (മഞ്ജരി) |
| 10 | വനവാസക്ലേശം | (അന്നനട) |
| 11 | സാരോപദേശം | (കളകാഞ്ചി) |
| 12 | ദുർജ്ജനങ്ങൾ | (കേക) |
| 13 | ചന്ദ്രൻ | (ശ്ലോകം) |
| 14 | ചിന്തിക്കാരൻ | (തുള്ളൽ) |
| 15 | രന്തിദേവൻ | (കേക) |
| 16 | ചിത്രകൂടപർവ്വതം | (ശ്ലോകം) |
| 17 | ദാരിദ്ര്യദുഃഖം. | (വഞ്ചിപ്പാട്ട്) |
| 18 | കുയിൽ | (ശ്ലോകം) |
| 19 | ഒരു പിച്ചക്കാരി | (കേക) |
| 20 | വേനൽക്കാലം | (മഞ്ജരി) |
| 21 | പൊന്മാൻ I | (ശ്ലോകം) |
| 22 | ,, II | ( ,, ) |
| 23 | കദളീവനം | (ശീതങ്കൻതുള്ളൽ) |
| 24 | ഒരു മലങ്കാട്ടിലെ മഴക്കാലം | (ശ്ലോകം) |
| 25 | ഒരു മുനിയും, പുള്ളിമാനും | (കേക) |


Digitized By Kerala Sahitya Akademi

# മുഖവുര.

ചെറുകുട്ടികളെ കാവ്യരസം തളിയ്ക്കാത്ത ശുഷ്കപദ്യങ്ങൾ പഠിപ്പിച്ചുപോരുന്നതിന്റെ ഫലം, അവരിൽ ച്ചിലരുടെ ഹൃദയത്തിൽ പ്രകൃതിദേവി പാകിയിട്ടുണ്ടാകാവുന്ന സാഹിത്യബീജത്തെ വരട്ടിക്കളയുകയായിരിയ്ക്കും; സാഹിത്യവാസനയില്ലാത്ത കുട്ടികൾക്കാകട്ടെ, കവിതയുടെ അടുക്കൽ പെരുമാറിയതുകൊണ്ടു് ആപത്തൊന്നും വരാനില്ലതാനും. അതുകൊണ്ടു്—ചിലരെസ്സംബന്ധിച്ചേടത്തോളം ഗുണവും, മററുള്ളവരെസ്സംബന്ധിച്ചേടത്തോളം ദോഷാഭാവവും കാണുന്നതുകൊണ്ടു്—സാഹിത്യഭംഗിയുള്ളവതന്നെയായിരിയ്ക്കണം, താഴ്ന്ന ക്ലാസ്സുകളിലേയ്ക്കുള്ള പദ്യകൃതികൾ എന്നു ഞാൻ വിചാരിയ്ക്കുന്നു.

എന്റെ ഈ എളിയ അഭിപ്രായത്തെ മുൻനിത്തി തയ്യാറാക്കിയതാകുന്നു ഇപ്പുസ്തകം. പൈതങ്ങൾക്കു സദാചാരബോധത്തിന്നും ലഘുവായ ലോകപരിചയത്തിന്നും ഉതകുന്ന വിഷയങ്ങളെ തിരഞ്ഞെടുക്കുന്നതിലും, ഞാൻ യഥാശക്തി മനസ്സിരുത്തിയിട്ടുണ്ടു്.

ആകപ്പാടെ, ഈ കൊച്ചുപുസ്തകങ്ങളിൽ വ്യാപരിയ്ക്കുന്ന പിഞ്ചുമുഖങ്ങളെ കൈരളി കടാക്ഷിച്ചരുളുമെന്നു തന്നെ ഞാനാശിയ്ക്കുന്നു.

മുളകുന്നത്തു കാവു് }
1108 വൃശ്ചികം 25 }

വള്ളത്തോൾ
(ഒപ്പു്.)

Digitized By Kerala Sahitya Akademi

പാഠം ൫

## പൌരുഷം

പുരുഷത്തൊഴിൽകൊണ്ടു സാധ്യമാകാ-
ത്തൊരുകാര്യം ഭുവനത്തിലെങ്ങുമില്ല;
ഇരുപാരിലുമിഷ്ടമാം ശുഭം കൈ-
വരുവാൻ മർത്ത്യന്നു പൌരുഷം പ്രമാണം.

മരുഭൂമി മികച്ച രാജ്യമാക്കാം;
പെരുതാകും കടലിന്നു സേതുകെട്ടാം—
ഒരു പൌരുഷമുള്ളവന്നു ചെയ്യാ-
നരുതാതെന്തൊരു കാര്യമുള്ളു പാരിൽ!

അലസങ്ങൾ മുറയ്ക്കനർത്ഥമോരോ-
ന്നലപോലാഞ്ഞലയ്ക്കുന്നതിൻപ്രകാരം,
പല നന്മകൾ വന്നുചേർന്നുകാണാ-
മുലകിൽപ്പൌരുഷമുള്ള പൂരുഷങ്കൽ.

'വിധിപോലെ വരട്ടെ'യെന്നുവെച്ചി-
ങ്ങധികാലസ്യമെടുപ്പതെത്ര കഷ്ടം!
വിധിപോലെ തുടർന്നു പൌരുഷത്താൽ
വിധിയും മർത്ത്യന്നു കീഴടങ്ങിനില്ക്കും.

പുരുഷന്നൊരു ധർമ്മദൈവമായി-
ക്കരുതേണ്ടും വരപൌരുഷം തെളിഞ്ഞാൽ,
നിരുപദ്രവമിങ്ങു വേണ്ടതെല്ലാം
തരുമല്ലോ പുതുകല്പശാഖിപോലെ.

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

പാഠം ൨

## വസന്തം

(കാകളി)

വന്നു വസന്തം, വിളങ്ങീ വനങ്ങളും,
മന്ദവാതങ്ങളും വന്നിതു ശീതളം;
പൂങ്കുയിൽക്കൂട്ടവും തേന്മാവുതന്നുടെ
പൂങ്കുരൽതോറും പറന്നുനടന്നിതു;
നല്ല കുരുക്കുത്തി മുല്ലക്കുസുമങ്ങ-
ളുല്ലസിച്ചീടുന്നു വല്ലീഗൃഹങ്ങളും;
ഫുല്ലാരവിന്ദങ്ങളെല്ലാം സരസ്സിലെ-
ക്കല്ലോലമാരുതത്തല്ലാൽ വിറച്ചിതു;
വണ്ടു വിരണ്ടു മുരണ്ടു മധുരമാ-
യുണ്ടു മധുരസം തെണ്ടിനടക്കുന്നു.

ശിവപുരാണം.

---

പാഠം ൩

## വായു

(കാകളി)

വള്ളികൾ പുഷ്പങ്ങൾ വൃന്ദങ്ങളെന്നിവ-
യെല്ലാമിളകുവാൻ കാരണം വായുവാം
നമ്മളും കൂടവേ വായുവിൻശക്തിപൂ-
ണ്ടിമ്മട്ടു സഞ്ചരിച്ചീടുന്നു സർവ്വദാ.
കാണിയെന്നാകിലും വായു ചലിക്കാതെ
വാണിതെന്നാകിലോ സർവ്വവസ്തുക്കളും

Digitized By Kerala Sahitya Akademi

ത്തണപോലേത്തമിളകാതെ നിന്നപോം
ത്രാണിയില്ലൊന്നിനം കാററടിയ്ക്കായ്കിലൊ.

പൂമണം ചുററും പരത്തി നമ്മക്കേററ-
മാമോദമെപ്പൊഴം ചേപ്പതും വായുതാൻ.

ദുർഗ്ഗന്ധവസ്തുവിൻ ഗന്ധവുമിമ്മട്ടു--
ചേർക്കുന്നു ചുററുമസഹ്യമാകുംവിധം.

നല്ല കാററേല്ക്കുകിൽ സൌഖ്യമുണ്ടായിടും,
അല്ലലുണ്ടാകുമീ ദുർവ്വായുവേല്ക്കുകിൽ.

രോഗങ്ങളുണ്ടായ്വരുന്നതും വായുവാൽ,
രോഗങ്ങൾ വേരററുപോവതും വായുവാൽ.

ചെന്നുപററീടുന്ന വസ്തുക്കൾതൻ ഗുണ-
മാൻതാൻ സഞ്ചരിച്ചീടുന്നു വായുവും.

ഒന്നിലും ബന്ധം തനിക്കില്ല; സത്തുക്കൾ
മന്നിതിൽ സഞ്ചരിച്ചീടേണ്ടതേവമാം.

---

പാഠം ൪

## മരണം

ജനനമരണമെന്നതിജ്ജനാനാ-
മനുഭവമെന്നതിനെന്തെടോ വിവാദം?
മരണദിവസവും ശിരസ്സിലാക്കി-
ധരണിതലം പ്രവിശന്തി മാനുഷന്മാർ.

Digitized By Kerala Sahitya Akademi

ചിലരിഹ പലവാസരം വസിയ്ക്കും;
ചിലരുടനേ നിജകമ്മണാ മരിയ്ക്കും—
മരണമൊരുവനും വരാത്തതല്ലെ-
ന്നറിക ഭവാനറിവുള്ള ചാരുബുദ്ധേ!

അവികലമലമൂത്രമാംസപിണ്ഡം
ഭുവി ബഹുദുർഗ്ഗലടദുഃഖദൃഷ്ടപാത്രം
ഇദമവനിപതേ, നരൻെറ ഗാത്രം;
വദ വദ വാഞ്ഛിതമെത്ര നിഷ്ഫലം തേ!

ശ്രീകൃഷ്ണചരിതം

---

പാഠം ൭

## തിരുവനന്തപുരം

(വഞ്ചിപ്പാട്ട്.)

വാടകളും,മെല്ലാനാളും
വസന്തത്തി വിളയാടും
വാടികളും, വണ്ടേറും പൂ-
ങ്കാവുകളുടെ
വാടകളും, വാപീക്രൂപ-
തടാകാദികളും, ചുററും
വീടുകളും, മഠങ്ങളും
വിളങ്ങീടുന്നു.
അത്രയല്ല,രികത്തമ-
രാവതിയെക്കാളധികം

Digitized By Kerala Sahitya Akademi

ചിത്രമായ വഞ്ചിരാജ-
രാജധാനിയും,
പത്രിവാഹനൻെറ പുരി
പെററിട്ടു പിറന്നുണ്ടായ
പുത്രിയെന്നപോലേ പരി-
ലസിച്ചീടുന്നു.

(കളേചലപൃത്തം)

---

പാഠം ൩

## ബന്ധു

(കാകളി)

ബന്ധുക്കളോടു വേർപെട്ടാൽ മനസ്സുമ-
ങ്ങന്ധമായീടും; വിഷാദമാമംബുധൌ
മജ്ജനം ചെയ്യും മമതപമേറീടുന്ന
സജ്ജനത്തിൻെറ സ്വഭാവമേവം സഖേ.
ബന്ധുവെന്നിങ്ങിനെ രണ്ടക്ഷരം ജഗൽ-
ബന്ധുവാംസ്രഷ്ടാവു കല്പിച്ചതല്ലയോ?
പുത്രൻ സഹോദരൻ മാതാജനകൻ ക-
ളത്രവും ഭൃത്യനുമാപൽസമാഗമേ
മിത്രങ്ങളെപ്പോലുപകരിയ്ക്കില്ലതു
സത്യമതൊക്കെപ്പുരാണസാരങ്ങളിൽ;
മിത്രൻെറ പുത്രനാം സുഗ്രീവവാനരൻ
മിത്രഭാവേന വർത്തിയ്ക്കകൊണ്ടല്ലയോ,
മിത്രവംശോത്ഭവൻ ശ്രീരാമചന്ദ്രനും
വൃത്രാരിവൈരിയാം രാത്രിഞ്ചരേന്ദ്രൻെറ

Digitized By Kerala Sahitya Akademi

വക്ത്രങ്ങൾ പത്തും ശരംകൊണ്ടു ഖണ്ഡിച്ചു
ധാത്രീതലംതന്നിലിട്ടുരുട്ടിത്തദാ
പത്രികൾക്കാഹാരമാക്കിച്ചമച്ചു ജ-
ഗത്ത്രയത്രാണവും ചെയ്തിതു രാഘവൻ.

(പഞ്ചതന്ത്രം)

---

പാഠം ൭

## ഒരു രാജകുമാരി

(മഞ്ജരി)

ഉണ്ടാക്കിവെച്ച വിചിത്രജന്തുക്കളെ-
യുണ്മാനിരുത്തിഗ്ഗേഹശചരിയായ്,
പഞ്ചാര കൽക്കണ്ടം പാൽ പഴം തേനിവ
പിഞ്ചുകൈകൊണ്ടു വിളമ്പുകയും;
കട്ടിക്കനകക്കുടത്താൽപ്പളുങ്കു കൽ-
ത്തൊട്ടിയിൽനിന്നു തണ്ണീരു മുക്കി,
ചേലിൽ ശ്ശിരസ്സാട്ടം നാനാചെടികളെ-
ച്ചേടിയായ് നിന്നു നനയ്ക്കുകയും;
വാരി വലിച്ചുടുത്തോരു നൽപ്പട്ടഴി-
ച്ചാരാൽ നിലത്തു വിരിച്ചതിങ്കൽ
പാവക്കിടാവെക്കിടത്തി, മണിവള-
രാവമുതിർക്കെയതിൻ തുടമേൽ
അമ്മലർക്കയ്യിനാൽത്താളം പിടിച്ചുകൊ-
ണ്ടമ്മയായ്പ്പാടിയുറക്കുകയും—
ഭൂലോകരംഗത്തേയ്പ്പേവക നാട്യങ്ങൾ
ശീലിയ്ക്കുമച്ചെറുനർത്തകിയെ

Digitized By Kerala Sahitya Akademi

നിന്നിമേഷാക്ഷിയാൽ സ്സാദരം വീക്ഷിച്ചു
നിന്നിതു ദാസിമാർ നാലുപാടും.
ചൊല്ലേറ്റൊരു ശില്പികൾ കാഴ്ചയായർപ്പിച്ചു
കൽക്കൊമ്പനാനതൻ മസ്തകത്തിൽ
കുങ്കുമരേഖ കുറിച്ചാൾ കുറച്ചിട
ചെങ്കുളിർ കൈകൊണ്ടു കൊച്ചുറാണി;
'കാണട്ടെ നിന്നുടെ പന്തടിയൊന്നെ'ന്നു
വേണു സ്വരത്തിലുരച്ചു പിന്നെ
തൻപന്തു വെച്ചുകൊടുത്തിതു കാഞ്ചന-
പ്പെൺപാവയൊന്നിൻ കരാഞ്ജലിയിൽ;
സ്ഫാടികച്ചെപ്പിൽപ്പെരുക്കിനിറച്ചുള്ള
മോടിയിണങ്ങുമിലഞ്ഞിപ്പൂക്കൾ
പട്ടുനൂലൊന്നിന്മേൽ ക്കോർക്കയായ് പിമ്പവൾ;
കുട്ടിയ്ക്കു കൈവിരൽ നൊന്തീലല്ലീ!

(സാഹിത്യമഞ്ജരി)

---

പാഠം ൮

## സമുദ്രം

വാരാകരം വാനിനു തുല്യമൊന്നിരു-
ണ്ടോ,രാൽ പരപ്പാൻ കിടന്നിടുന്നിതാ
നീരാഴമിങ്ങെത്ര, വലുപ്പമെത്രയാ-
ണാ; രാലുമാവില്ലിതളന്നുനോക്കുവാൻ.

ഏററം ജനം കൂടിയ ദിക്കിലെന്നപോ-
ലൂററം കലർന്നുള്ളൊരിരമ്പലെപ്പൊഴും

Digitized By Kerala Sahitya Akademi

മാററം പെടാതുണ്ടു, പെരുംകരുത്തെഴും
കാററത്തലച്ചാർത്തുകളേന്തുമാഴിയിൽ.

പഞ്ചാരയെന്നോർത്തു, കരപ്പുറത്തെഴും
വെൺചാമരത്തുമണൽ വാരുവാനിതാ,
അഞ്ചാതെയേററാത്തണയുന്നു, സിന്ധുവിൻ
വൻചാപലം പൂണ്ട കിടാങ്ങളൂർമ്മികൾ!

ആലസ്യമററു, പ്പുകടൽക്കു മീതെ, യു-
ല്ലോലങ്ങളായ് പ്പാഞ്ഞുകളിച്ചിടുന്നതേ
ചേലഞ്ചിടും വെൺനുരകൊണ്ടു വെള്ളിയാ-
മേലസ്സണിഞ്ഞുള്ള തരങ്ഗപംക്തികൾ.

നിന്നാവതോളം ചൊരിയട്ടെ മാരി താൻ,
വന്നാക്രമിക്കട്ടെ വരട്ടുവേനൽ താൻ;
എന്നാലുമേററക്കുറവേതുമേല്പതി-
ല്ലെ;-ന്നാളുമേറെപ്പരിപൂർണ്ണമർണ്ണവം.

---

## പാഠം ൯

## മണ്ണുണ്

(മഞ്ജരി)

മണ്ണു തിന്നീടിനാൻ കണ്ണനെന്നിങ്ങിനെ
തിണ്ണം പോയ് ചെന്നിട്ടു ബാലകന്മാർ
മാതാവോടായിട്ടു ചൊല്ലി നിന്നീടിനാർ
മാതാവു താനതു കേട്ടനേരം
ഓടിച്ചെന്നങ്ങവൻ ചാരത്തു ചെഞ്ചമ്മെ
പേടിപ്പിച്ചീടുവാനായിച്ചൊന്നാൾ.

Digitized By Kerala Sahitya Akademi

"മണ്ണു തിന്നീടുന്നതെന്തിനു ചൊല്ലു നീ
വെണ്ണയും പാലും ഞാൻ തരാഞ്ഞിട്ടോ?
ചോറില്ലാഞ്ഞോ മറെറന്തില്ലാഞ്ഞിട്ടുണ്ണീ! നീ
ചൊൽ വശനല്ലെന്നു വന്നുകൂടി?
ശീലക്കേടിങ്ങനെ ചാലേ നീ കാട്ടുമ്പോൾ
കോലുകൊണ്ടേയിനിച്ചോദിക്കുന്നു."
അമ്മ താനിങ്ങിനെ ചൊന്നതു കേട്ടുള്ളോ-
രംബുജലോചനൻ താനും ചൊന്നാൻ:—
"വെണ്ണയും കൈവിട്ടു മണ്ണുതിന്നീല ഞാൻ
നിർണ്ണയിച്ചാലുമിച്ചൊന്നതമ്മേ!"

പാഠം ൧൦

## വനവാസക്ലേശം

(അന്നനട)

അപാദചാരിയായ് നടന്ന രാമനെ-
യടവിയിൽപ്പോവാൻ പറയുന്ന നേരം
മൃദുതരമായ തളിരുപോലുള്ള
പദങ്ങളാലവൻ നടക്കുന്നെങ്ങനെ?
അതിഘോരമായ വനത്തെയിന്നിഹ
നിനയ്ക്കുമ്പോൾത്തന്നെ നടുക്കമുണ്ടാകും.
മഹാവസ്ത്രങ്ങളെദ്ധരിച്ചു ശീലിച്ചോൻ
മരവിരിയിന്നു ധരിക്കുന്നെങ്ങനെ?
മടപ്പള്ളി വെപ്പാൻ പിശകി വന്നോരോ
പടുതയുള്ളവർ ചമച്ചൊരു നല്ല



Digitized By Kerala Sahitya Akademi

മധുരവസ്തുക്കൾ ഭുജിച്ച രാഘവൻ
ഫലമൂലം തിന്നു നടക്കുന്നെങ്ങനെ?
മണിമയമായ തളികയിലുണ്ണും
മൻകുലവരനിലയിലുണ്ണുമോ?
മൃദുതരമായ ദുക്കൂലംകൊണ്ടതി-
മനോഹരമായിച്ചമച്ച മെത്തയിൽ
ശയിച്ചിരിക്കുന്ന മനുകുലോത്തമൻ
ശയിക്കുന്നെങ്ങനെ തൃണപർണ്ണങ്ങളിൽ?
നവമണികൾകൊണ്ടണിഞ്ഞുള്ള നല്ല
മണിഗേഹങ്ങളിലിരുന്ന ശ്രീരാമൻ
തുണിയുമെന്നിയെയുടജം നിർമ്മിച്ച
തനിയേ പോയങ്ങു വസിക്കുന്നെങ്ങനെ?
പ്രചണ്ഡരാക്ഷസരുളവായ കാട്ടിൽ
പതിന്നാലു വർഷം വസിക്കുന്നെങ്ങനെ?
പെരുകിയ ദുഷ്ടമൃഗങ്ങളുള്ളതിൽ-
പരമദുഷ്ടേ, പോയിരിക്കുന്നെങ്ങനെ?
ഹര! ഹര! കഷ്ടം! ശഠത നിന്നുടെ
ശിവ ശിവ,യിതങ്ങടങ്ങു ദുർമ്മതേ!

(കേരളവർമ്മരാമായണം: ദശരഥൻ കൈകേയിയോടു പറയുന്നതു്.)

പാഠം ൧൧

## സാരോപദേശം

പറയരുതു പൊളിവചന, മറിയരുതു ദുമ്മദം,
പാപകമ്മങ്ങളും ചെയ്യരുതൊലാ ഭവാൻ;
കറയരുതു വിമതരൊടു, മറയരുതു ധർമ്മവും,
കററങ്ങൾക്കൂടാതെ ഹിംസയുംചെയ്യൊലാ;
മറിവരുതു മനതളിരില,റിയണമിതൊക്കവേ
മാധുൎയ്യമില്ലാത്ത വാക്കു ചൊല്ലീടൊലാ,
ഞളിയരുതു സഭനടുവിലൊ,ളിയരുതുവിദ്യകൾ,
ഞാനെന്നഹംഭാവമെങ്ങും തുടങ്ങൊലാ;
കളിയരുതു ഗുരുവിനൊടു, കളയരുതു ധൈൎയ്യവും,
കാമശാസ്ത്രം പഠിച്ചീടൊലാ ബാലക;
കപടമരുതൊരുവനൊടു, മവിടമതിദുർഘടം;
കാൎയ്യം വരുമ്പോൾക്കരുത്തുപോമാശയം;
കലഹമരുതധികനൊടു, കലഹരമതാസ്സുരം
കാമവും ക്രോധവും കൂടാതിരിക്ക നീ;
കപടമരുതൊരു പൊഴുതു, മബലനെ വലയ്ക്കൊലാ,
കണ്ണേജപന്മാൎക്കു ചിത്തം കൊടുക്കൊലാ.

ശിവപുരാണം;(ഒരു രാജകുമാരനു പറഞ്ഞുകൊടുക്കുന്നതു്.)

---

Digitized By Kerala Sahitya Akademi

## പാഠം ൧൨

# ദുർജ്ജനങ്ങൾ

(കേക)

ദുർജ്ജനങ്ങൾക്കു ബഹു സല്ക്കാരം ചെയ്തെങ്കിലും
സജ്ജനസ്വഭാവമുണ്ടാകയില്ലറിഞ്ഞാലും;
എണ്ണ തേപ്പിച്ചു പിടിച്ചുഴിഞ്ഞു ബന്ധിച്ചാലും
പൊണ്ണനാം ശ്വാവിന്റെ വാൽ വളഞ്ഞേനില്ലു. ദൃഢം
ദുഷ്ടരാം ഖലന്മാരെ സ്തുതിച്ചു നന്നാക്കുവാ-
നൊട്ടുമേ എളുതല്ല നല്ലോരു വിദ്വാന്മാർക്കും;
എപ്പൊഴുമമൃതു കൊണ്ടാകവെ നനച്ചാലും
സൽഫലം പുറപ്പെടീച്ചീടുമോ വിഷദ്രുമം?
പഞ്ചസാരയും തേനും ചേർത്തങ്ങു കുഴച്ചിട്ടു
കിഞ്ചന കാലം പരിപാലിച്ചു കുളിർപ്പിച്ചു,
എപ്പൊഴും ക്ഷീരംകൊണ്ടു നനച്ചു വളർത്താലും
വേപ്പിന്റെ കയ്പു ശമിച്ചീടുമോ? ചിന്തിച്ചാലും!

പഞ്ചതന്ത്രം


---

## പാഠം ൧൩

# ചന്ദ്രൻ

തണുത്തതാം രശ്മികൾകൊണ്ടു ചന്ദ്രൻ
മനസ്സിനാനന്ദമുയർത്തിടുന്നു.
നിനച്ചിടുന്നു സുഖദുഃഖഭാവി
ജനങ്ങൾ ചന്ദ്രോദയ വീക്ഷണത്താൽ.

Digitized By Kerala Sahitya Akademi



വളൎച്ചയും താഴ്ചയുമേററിടാതെ
നിലയ്ക്കു നില്ക്കുന്ന സമുദ്രമെങ്കിലും
വളൎന്നു വല്ലാതിളകുന്ന ചന്ദ്ര-
ന്നുദിക്കവെ, തമ്മിലെഴുന്ന മൈത്രിയാൽ.

വെളുത്ത പക്ഷത്തിൽ ദിനങ്ങൾതോറും
വളൎന്നൊട്ടുക്കം പരിപൂൎണ്ണനാകും;
കറുത്ത പക്ഷത്തിലതേവിധത്തിൽ-
കുറഞ്ഞു തീരെ ക്ഷയമാൎന്നിടുന്നു.

Digitized By Kerala Sahitya Akademi

കളിർത്ത ചന്ദ്രോദയമേല്ക്കിലക്ഷണം
തെളിഞ്ഞു ശോഭിച്ചിടുമാമ്പലൊക്കയും;
വളന്നെഴും തന്നുടെ ദാഹമൊക്കയും
കളഞ്ഞു മേളിപ്പു ചകോരകാവലി.

രാത്രിക്കു നക്ഷത്രഗണങ്ങളെത്ര-
മാത്രം തെളിഞ്ഞീടിലുമാദയില്ല;
ചന്ദ്രപ്രകാശത്തൊടു ചേൻവെന്നാൽ-
ത്തന്നേ പരം ശോഭ ഭവിച്ചിടുന്നു.

ചന്ദ്രൻ പ്രധാനനെന്നാലു-
മാന്നിടും ക്ഷയവൃദ്ധികൾ
ഉന്നതന്മാക്കമിമ്മട്ടു
മന്നിൽക്കാലത്തിനാൽ വരും.

---

## പാഠം ൧൪

## ചിന്തിക്കാരൻ

(കാകളി)

ചന്തമിയന്നൊരു ചിന്തിക്കാരൻ
ചന്തയിലാൻ വസിപ്പതു കണ്ടോ?
പന്തു തുടങ്ങിന സാധനമനവധി
പന്തിനിരത്തിയടുക്കിയിരിപ്പൂ.
പെട്ടിയിലുണ്ടിഹ ചീട്ടികൾ പലതും
പട്ടിൽത്തീർത്തൊരു പാവാടകളും.
പിട്ടു കഥിക്കുകയല്ലിതു വാങ്ങാൻ
കുട്ടികൾ പലതുമിതാ, പോകുന്നു,

Digitized By Kerala Sahitya Akademi



ലേഞ്ചികൾ ഡപ്പികൾ ചീപ്പുകൾ പാവകൾ
വാഞ്ഛിതമുള്ളൊരു വസ്തുവശേഷം
തഞ്ചമൊടങ്ങു നിരത്തിയിരിപ്പതു
നെഞ്ചിൽക്കൌതുകമുള്ളവാക്കുന്നു.
അച്ഛനൊടൊത്തിഹ കൊച്ചുകിടാങ്ങളു-
മിച്ഛയൊടവിടെച്ചെന്നു കരേറി
മെച്ചമൊടങ്ങു നിരത്തിയിരിപ്പൊരു
കച്ചുകളെന്നിവ പലതും വാങ്ങി.
പട്ടിയെനിക്കും പട്ടുകളേട്ടനു
പെട്ടികളനിയനുമെന്നവർ തമ്മിൽ
ഒട്ടുവഴക്കു പറഞ്ഞു പിണങ്ങി-
ക്കുട്ടികൾ കശപിശ കാട്ടീടുന്നു.
കാമംപോലെ പറഞ്ഞുമിരട്ടി-
ക്കേമൻ നമ്മുടെ ചിന്തിക്കാരൻ
സാമാനങ്ങളിരട്ടി വിലയ്ക്കായ്
സാമർത്ഥ്യത്തൊടു വിററീടുന്നു.

Digitized By Kerala Sahitya Akademi

## പാഠം ൧൫

# രന്തിദേവൻ

(കേക)

ശ്രീരന്തിദേവൻതന്റെ പാവനചരിത്രമി-
പ്പാരിലും പരത്തിലും പാടിവാഴ്ത്തുവൊന്നത്രേ.
ചീളെന്നുദാനംചെയ്യും കിട്ടിയതെല്ലാമവൻ;
നാളെയ്ക്കു കരുതുകെന്നുള്ളതേ പതിവില്ല.
കയ്യിരിപ്പില്ലായ്കയാൽപ്പട്ടിണി കിടന്നവ-
നയ്യയ്യോ, തളർന്നുപോയ് തൻകുടുംബത്തോടൊപ്പം.
ഒരു ഘട്ടത്തിൽപ്പച്ചവെള്ളവും കുടിയ്ക്കാത-
പ്പുരുഷേന്ദ്രനു നാല്പത്തെട്ടുനാൾ കഴിഞ്ഞുപോൽ.
പിറേറന്നു കുറെയവപ്പാൽച്ചോറും നൽത്തണ്ണീരും
കിട്ടിയതശിയ്ക്കുവാൻ, ക്ഷുത്തൃഷ്ണാർദ്ദിതനവൻ
ആവോളം വശംകെട്ടോരക്കുടുംബത്തോടൊത്തു
ഭാവിയ്ക്കെയതിഥിയായ് വന്നിതങ്ങൊരു വിപ്രൻ.
എന്തിലുമെല്ലാടത്തും വിഷ്ണുവെദ്ദർശിക്കുന്ന
രന്തിദേവനോ, പൂർണ്ണസന്തോഷാദരത്തോടേ
ഏറവുചെന്നുപചരിച്ചതിഥിയ്ക്കേകീടിനാൻ
ചോററിൽനിന്നൊരു ഭാഗ;-മൂൺകഴിച്ചവൻ പോ-
പിന്നെയുമുണ്ണാനിരുന്നപ്പൊഴഗ്ഗൃഹസ്ഥന്റെ [യാൻ
സന്നിധൌ ബുഭുക്ഷയോടണഞ്ഞാനൊരു ശൂദ്രൻ;
അന്നത്തെപ്പകുത്തതവന്നും കൊടുത്തിതു
മന്നവൻ മഹാലക്ഷ്മീവല്ലഭധ്യാനത്തോടേ.
ശൂദ്രനും പോയപ്പോഴോ, നായ്ക്കളുമായിട്ടൊരാൾ,
'പാർത്ഥിവ, ഞങ്ങൾക്കന്നംതന്നാലു'മെന്നായ് വന്നാൻ;

Digitized By Kerala Sahitya Akademi

ബാക്കിയാമന്നം രന്തിദേവനാ നായ്ക്കാരന്നും
നായ്ക്കൾക്കുംനൽകിബ്ഭക്ത്യാനമസ്കാരവും ചെയ്താൻ
ഒരാൾക്കു മതിയാവും നീർമാത്രം ശേഷിച്ചതാ-
പ്പരമഭക്തൻ പിന്നെക്കുടിപ്പാൻ തുടങ്ങവേ,
'ഇത്തിരിത്തണ്ണീരടിയത്തിന്നു തരേണ!' എ-
ന്നർത്ഥിച്ചുകൊണ്ടങ്ങൊരു പുലയനെത്തിച്ചേർന്നാൻ.
ദീനവാക്കിതു കേട്ടു കൃപയാലുള്ളം വെന്ത
മാനവർഷഭനേവം ചൊല്ലിനാൻ മധുരമായ്:
'ഐശ്വര്യമെട്ടും ചേർന്നൊരുൽകൃഷ്ടപദവിയോ
ശാശ്വതവിമുക്തിയോ കിട്ടേണമെന്നില്ലാ മേ;
സർവ്വഭൂതാന്തഃസ്ഥനായ് മാലേററുകൊള്ളാവൂ ഞാൻ,
സർവ്വഥാ ദുഃഖമവർക്കില്ലാതെയാകുംവണ്ണം!
ദാഹവും, വിശപ്പും, മേ ദൈന്യവും, വലച്ചിലും,
ദേഹസാദവും, ശോകമോഹവും, വിഷാദവും
ഒക്കെയുമൊഴിഞ്ഞുപോയ്, ജീവനെക്കൊതിക്കുന്ന
ദുഃഖിതശരീരിക്കു ജീവനമർപ്പിക്കയാൽ!'
ഇത്തരമുരചെയ്തു, ദാഹത്താൽമരിപ്പാൻ പോ-
മദ്ദയാശീലൻ ധീരൻ പുൽക്കസന്നേകീവെള്ളം.

(ഭാഗവതം—വള്ളത്തോൾ)

---

പാഠം ൧൩

## ചിത്രകൂടപർവ്വതം

കാണുകീയചലം ഭദ്രേ,
വിചിത്രവിഹഗാന്വിതം,
വാനംതുളച്ചുപോംമട്ടാം
ധാതുശൃംഗങ്ങളാൽ വൃതം.



Digitized By Kerala Sahitya Akademi

വെള്ളിയ്ക്കു തുല്യം ചിലതു,
ചിലതോ ചോരപോലവേ,
മഞ്ഞമഞ്ചട്ടിവർണ്ണങ്ങൾ,
ചിലതീന്ദ്രാശ്മകാന്തികൾ.

പുഷ്യാക്കൈകെതപ്പൂമട്ടിൽ,-
ച്ചിലതുക്ഷരസാഭയിൽ
ഏവം ലസിപ്പൂ മലതൻ
ധാതു ചാൎത്തിയ ഭൂമികൾ.

ദുഷ്ടററ നാനാമൃഗവ്യ-
മൃക്ഷം പുലി തരക്ഷുവും
ചുഴന്നീ മല ശോഭിപ്പൂ
ബഹുപക്ഷികൾ തിങ്ങിയും.

മാവും, പ്ലാവും, മുരൾ, ഞമ
ഞാവൽ, ചാച്ചോററി, വേങ്ങകൾ
കായാവു, മൈലെള്ള, ങ്കോലം,
പനച്ചി, തൊട്ടുകാരകൾ

നീർമാതളം, കമിഴ്, വേ-
പ്പി, രിപ്പ, മുള, ക്രുവളം,
ലന്ത, നെല്ലി, കടമ്പും, നീർ-
മരുതും, ചൂരൽ, മാതളം,

തണലുള്ളവ: രമ്യങ്ങൾ
പൂവും കായുമിയന്നവ
ഇത്യാദികൾ നിറഞ്ഞേററം
വിളങ്ങീടുന്നിതിഗ്ഗിരി.

Digitized By Kerala Sahitya Akademi

നീർച്ചോലയുററൂറവുക-
ളതാതിടമൊലിയ്ക്കയാൽ
ശോഭിപ്പിതീ മല മദ-
മ്പാടോലുന്നാനപോലവേ.

പലമാതിരിയായ്, നൂറു-
നൂറെണ്ണ, ദിയ്ക്കു ചുററുമേ
പരന്ന പാറ ശോഭിപ്പൂ
പീതനീലസിതാരുണം.

രാവിൽത്തീജ്ജാലകൾക്കൊപ്പം
ശോഭിയ്ക്കുന്നൊ മഹാദ്രിമേൽ
തൻകാന്തി വാച്ചാൽ വിലസും
ചെടിയായിരമായിരം.

ശോഭിപ്പു ചിത്രകൂടം പാർ
പിളുർത്തുണ്ടായ വണ്ണമേ
ഇതാ, കാണ്മൂ, ചിത്രകൂട-
കൂടം സർവ്വത്രശോഭനം.

(വാല്മീകിരാമായണം. രാമൻ സീതയോടു പറയുന്നതു്)

Digitized By Kerala Sahitya Akademi

## പാഠം ൧൦

# ദാരിദ്ര്യദുഃഖം

(വഞ്ചിപ്പാട്ട്)



ചില്ലീനമാനസ, പതേ,
ചിരന്തനനായ പുമാൻ
ചില്ലിചുളിച്ചൊന്നു കടാ-
ക്ഷിപ്പാനോർക്കേണം.

Digitized By Kerala Sahitya Akademi

ഇല്ല ദാരിദ്ര്യാർത്തിയോളം
വലുതായിട്ടൊരാർത്തിയും
ഇല്ലം വീണു കുഞ്ഞുമാറാ-
യതും കണ്ടാലും.
വല്ലഭ, കേട്ടാലും പര-
മാത്മഭക്തനായ ഭവാൻ
വല്ലഭയുടെ വിശപ്പു-
മറിയുന്നില്ല.
സർവവേദപുരാണശാ-
സ്ത്രജ്ഞൻ ഭവാൻ, ബ്രഹ്മശക്ര
ശർവവന്ദ്യനായ ശൌരി
തവ വയസ്യൻ.
നിർവാണദനായ ലക്ഷ്മീ
പതിയെച്ചെന്നു കണ്ടാലി
ദ്ദുർവാരദാരിദ്ര്യദുഃഖ-
മൊഴിയും നൂനം.

കുചേലവൃത്തം

---

പാഠം ൰൩

## കുയിൽ

വള്ളിക്കുടിലുകളിൽ മറഞ്ഞിരുന്നു-
കൊണ്ടിങ്ങു 'ഗോഷാ'മടവാർ കണക്കെ
മനസ്സലിക്കും മധുരസ്വരത്തിൽ-
ഗ്ഗാനം കുയിൽപ്പെങ്കൊടി പാടിടുന്നു.

Digitized By Kerala Sahitya Akademi

തന്മെയ്ക്കുറപ്പിൽബ്ബുത, ലജ്ജകൊണ്ടോ
മറഞ്ഞിരിപ്പൂ, കുയിലേ, വൃഥാ നീ?
നിനക്കു സൌഭാഗ്യമശേഷമേകാൻ
ലോകോത്തരം കണ്ഠമിതൊന്നു പോരും!

നിൻകൊച്ചുദേഹം, കുയിലേ, നിറത്താൽ
കാർകൊണ്ടലിന്നിണ്ടലണപ്പതല്ലോ;
വിലോചനം ചെമ്പവിഴത്തിനൊപ്പു;-
മഘോ, നിനക്കെന്തഴകിന്നു ഭംഗം?

ഹാ, വർണ്ണമൊന്നാ,കൃതിയൊന്നു; കാക-
പികങ്ങൾ കാഴ്ചയ്ക്കൊരുപോലെ തന്നേ;
എന്നാലി,തിൻപഞ്ചമരാഗമെങ്ങു?
കാകന്റെ കാകാരവമെങ്ങു രൂക്ഷം?

കരാളരാവം കരയുന്ന കാക്ക-
ക്കൂട്ടത്തിൽവെച്ചാണു വളർച്ചയെങ്കിൽ
ഇത്രയ്ക്കു കർണ്ണോത്സവമായ ശബ്ദ-
മിതെ,ങ്ങുനിന്നിക്കുയിലിന്നു കിട്ടീ?

സംസർഗ്ഗഭേദാലിഹ മാററമേതും
സ്വാഭാവികത്തിന്നു വരില്ലയെന്നോ!
കടുസ്വരക്കാക്കകളാൽ വളർത്ത-
പ്പെട്ടും പികത്തിൻ സ്വരമെത്ര രമ്യം!

ചെറുപ്പനാളിൽ,ക്കുയിലെ, സ്വരജ്ഞാ-
കത്താക്കളെന്തൻ കർക്കശനിസ്വനത്തെ
ഇത്രയ്ക്കു ശാരീരഗുണം വരപ്പെ-
ട്ടെഴുന്ന നീ കേട്ടു സഹിച്ചുവല്ലോ!

---

Digitized By Kerala Sahitya Akademi

പാഠം ൧൯

# ഒരു പിച്ചക്കാരി.

(കേക)

അധ്വഗന്മാരെദ്ദൂരെ വിളിച്ചു പിമ്പേക്കൂടി
ബദ്ധഖേദമാംവണ്ണം വണങ്ങിച്ചൊല്ലീടിനാൾ:—
'അത്രമാത്രമെങ്കിലും ഭോജനം തരികെടോ
വസ്ത്രവും തരുന്നാകിലെത്രയും ഗുണംവരും.
എന്തെടോ പാന്ഥന്മാരേ, ദീനരാം ജനങ്ങൾക്കു
ബന്ധുതചെയ്യീടാത്തൂ? ഹന്ത, മേ പാപം കാണ്മിൻ:—
എന്തൊരു ദുരിതം ഞാൻ ചെയ്തതെന്നറിഞ്ഞീല,
ബന്ധമെന്തെനിയ്ക്കിതി സങ്കടം സംഭവിപ്പാൻ?
ദാഹവും വിശപ്പുമുണ്ടെത്രയും വർദ്ധിക്കുന്നു;
ദേഹവും തളരുന്നു നടപ്പാൻ ശക്തിപോരാ
രണ്ടുനാലഹസ്സുണ്ടു പട്ടിണികിടക്കുന്നു;
കൊണ്ടുപോവതിനയ്യോ, കാലനും മനസ്സില്ല.
ഉററവരുപേക്ഷിച്ചു, ദൈവവും വെടിഞ്ഞിതു,
കുററമെന്തവർക്കെല്ലാം? പാപിഞാനെന്നേ വേണ്ടൂ!
കൈകാറിനുവകയില്ല; കൂററുകാരെനിയ്ക്കില്ല;
പെററതുമില്ലല്ലോ ഞാൻ; പോററുവാനാരുണ്ടാകും?
അററവുമററുതിയുമില്ലെൻെറ പാപങ്ങൾക്കു
ചെററുമില്ലൊരു ഗതി,യയ്യയ്യോ, പാന്ഥന്മാരേ!
കാററുമാതപങ്ങളും പററുന്ന ഹിമങ്ങളു-
മേററു ഞാൻ കിടക്കുന്നു; മാററുവാനെളുതാമോ?

ശിവപുരാണം.

Digitized By Kerala Sahitya Akademi

പാഠം ൨൦

## വേനൽക്കാലം

(മഞ്ജരി)

ഊഷ്മാവുകൊണ്ടു വരട്ടിച്ചമഞ്ഞതങ്ങു
ഗ്രീഷ്മമായുള്ളോരു കാലംവന്നു.
താപംകൊണ്ടെല്ലാരും വേവുറ്റ കാവിലും
വാപികതീരത്തുമായ്ത്തുടങ്ങി.
ആലവട്ടങ്ങൾക്കു ചാലെച്ചുഴന്നനി-
ന്നാലസ്യമായ്‌വന്നു നാളിൽ നാളിൽ.
വാതായനങ്ങൾക്കും പ്രാഭവമുണ്ടായീ
സേവകൾ മേന്മേലേ ചെയ്കയാലേ.
പാനീയശാലകൾ മാനിച്ചുനിന്നതേ
ദീനങ്ങളാസ്സുന്നു ചാതകങ്ങൾ.
ഉന്മേഷം പൂണ്ടോരു നെന്മേനിപ്പൂവിലെ
നന്മണമെങ്ങും പരത്തിമേന്മേൽ
മന്ദിരംതോറും നടന്നുതുടങ്ങിനാൻ
മന്ദസമീരണനന്തിനേരം.
ഇഷ്ട തിരണ്ടുള്ള മച്ചുകമെല്ലാമേ
കയ്ച്ചുതുടങ്ങീതു പിന്നെപ്പിന്നെ.
പച്ചോടമെന്നു പറഞ്ഞുതുടങ്ങുമ്പോ-
ളുൾച്ചൂടു താനേയെഴുന്നുകൂട്ടം.

കൃഷ്ണഗാഥ

പച്ചോടം = കുപ്പായം, പുതപ്പ്.

Digitized By Kerala Sahitya Akademi

പാഠം ൨൫

# പൊന്മാൻ

I

അരക്കർകോന്റെ ചൊൽ കേട്ടു
മാരീചാശരനപ്പോഴേ
മാനായ് രാമാശ്രമമുപാര-
സ്ഥാനേ മേഞ്ഞുനടക്കയായ്.

കണ്ടാലാശ്ചര്യമുണ്ടാകും
വണ്ണമെയ്യൊന്നെന്തിനാനവൻ.
നീലക്കൽക്കൊമ്പുകൾ, സിതാ-
സിതമാം മുഖരേഖയും,

ഇന്ദ്രനീലോല്പലക്കാതു,
ചെംപൊന്നാരുപ്പലാനനം,
ചെററുയന്ന കഴുത്തി,ന്ദ്ര-
നീലത്തുണ്ടെതിർ ചുണ്ടുകൾ,

മുല്ലപ്പൂത്തിങ്കൾ വജ്രങ്ങൾ-
ക്കെതിരായ്‌വിലസും വയർ,
ഇരിപ്പപ്പൂവൊളിപ്പാർശ്വം,
നീരത്താരല്ലിനേർനിറം,

വൈഡൂര്യനേർഖുരം, കൊച്ചു-
ജംഘ, നൽസ്സന്ധിബന്ധവും
മുകളിൽക്കൊണ്ടൽവില്ലിന്റെ-
യൊളി മിന്നുന്ന വാലുമായ്,

Digitized By Kerala Sahitya Akademi

സ്സിഗ്ദ്ധമുഗ്ദ്ധനിറൻ നാനാ-
രത്നപ്പുള്ളി ചുഴന്നവൻ
ക്ഷണാലൊരത്ഭുതമമാം
മാനായ്ത്തീൎന്നാൻ നിശാചരൻ,

വനവും രമ്യമാരാമാ-
ശ്രമവും മിന്നിടും പടി.

---

പാഠം ൨൫

## പൊന്മാൻ

### 11

വൈദേഹിയെ ഭ്രമിപ്പിപ്പാൻ,
നാനാവൎണ്ണവിചിത്രമായ്
കാണേണ്ടതായ് മനം കക്കും
വടിവാണ്ടാ നിശാചരൻ

അങ്ങിളം പുല്ലു മൈതാന-
ത്തെങ്ങും മേഞ്ഞുനടക്കയായ്
വെള്ളിപ്പുള്ളികളാൽച്ചിത്ര-
ശ്രീ പൂണ്ടാ പ്രിയദർശനൻ

വൃക്ഷങ്ങൾതൻ തളിരുകൾ
തിന്നുംകൊണ്ടങ്ങു ചുററിനാൻ.
വാഴക്കൂടിലിലും പിന്നെ-
ക്കൎണ്ണികാരവനത്തിലും

Digitized By Kerala Sahitya Akademi

സീതകാണുമിടത്തുംപോയ്
മെല്ലെച്ചെന്നാനതാതിടം.
പത്മചിത്രപ്പുറമൊട്ടും
മിന്നിനാനാ മഹാമൃഗം

രാമാശ്രമത്തിന്നരികേ
നടന്നാൻ സുഖമാംവിധം;
വീണ്ടും പോയും പിന്തിരിച്ചും
സഞ്ചരിച്ചിതു നൻമൃഗം.

കുറച്ചുനേരം വെമ്പിപ്പോയ്
പിന്നെയും പിന്തിരിച്ചിട്ടും;
കളിയാടിക്കൊണ്ടു വീണ്ടും
ചിലഭാഗത്തു നിന്നിട്ടും;

ആശ്രമത്തിൻ പടിയ്ക്കൽപ്പോയ്
മാൻകൂട്ടത്തിലണഞ്ഞിട്ടും;
പിന്നാലെ മാൻകൂട്ടവുമായ്-
പ്പിന്നെയും പിൻതിരിച്ചിട്ടും;

സീത കണ്ടെത്തുവാൻവേണ്ടി,
മാനായിത്തീന്ന രാക്ഷസൻ
നാനാതരത്തിലും വട്ടം-
വെച്ചു ചുററി നടക്കയായ്.

അതിനെക്കണ്ടു മററുള്ള
കാട്ടുമാൻകളൊക്കെയും
ചെന്നൊന്നു നാററിനോക്കിപ്പേ-
ർത്തോടിനാർ പത്തുദിക്കിലും.

Digitized By Kerala Sahitya Akademi

മൃഗഘ്നനാ രാക്ഷസനോ,
കാട്ടിലുള്ളാ മൃഗങ്ങളെ,
തിന്നാതെ തൊട്ടതാൻ നിന്നാൻ
സ്വഭാവത്തെ മറയ്ക്കുവാൻ.

(വാല്മീകിരാമായണം)

---

പാഠം ൨൭

## കദളീവനം

(ശീതങ്കൻ തുള്ളൽ)

ശ്രീഹനൂമാൻ മുദാ വാണരുളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം:
പച്ചക്കദളികളെകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പ്പഴുത്ത പഴങ്ങളും,
ഉച്ചത്തിലങ്ങിനെ കണ്ടാൽപ്പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചു ദിക്കെന്നു
മാലോകരൊക്കെയും ശങ്കിയ്ക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽത്തിങ്ങിവിങ്ങിത്തദാ.
ബാലാനിലൻ വന്നുതട്ടുന്ന നേരത്തു
കോലാഹലം നൃത്തമാട്ടും ദളങ്ങളും
ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ.

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

താഴത്തുഭാഗത്തു വീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടീ മഹീതലം;
പാഴററ പട്ടു വിരിച്ചു കണക്കിനേ
വാഴയ്ക്കു ചുററും പ്രകാശമുണ്ടെപ്പൊഴും.

കല്യാണസൌഗന്ധികം

---

## പാഠം ൨൪

## ഒരു മലംകാട്ടിലെ മഴക്കാലം

മേഘങ്ങൾ ചിന്നും ഗഗനം, ചിലേടം
മൂടിച്ചിലേടം വെളിവായി നില്പൂ;
പലേടമായ്ക്കുന്നു തടഞ്ഞു നില്ക്കും
പ്രശാന്തമാം വൻകടലെന്നപോലേ.

സ്വാദേററവും കൂടിയ വണ്ടിനൊക്കും
ഞാവൽപ്പഴം വേണ്ടതുതിന്നിടുന്നു
പലേനിറം തങ്ങിന മാമ്പഴങ്ങൾ
കാറേറല്ക്കയാലൂഴിയിൽ വീണിടുന്നു.

തൂമാരിയാൽപ്പുല്ലുനിലം തഴച്ചും
മയിൽസ്സമൂഹം നടനം തുടർന്നും,
പെയ്യും മഴക്കാറിയലും വനങ്ങൾ
വയ്ച്ചിട്ടു കാഞ്ചേ,റെ വിളങ്ങിടുന്നു.

പാരിച്ചു വെള്ളച്ചുമടും ചുമന്നു
വെള്ളിൽക്കുലം ചേർന്നുവരും ഘനങ്ങൾ
മഹാദ്രിശൃംഗങ്ങളിൽ നിന്നുനിന്നു
തളച്ചു തീർത്തങ്ങിനെ പോയിടുന്നു.

Digitized By Kerala Sahitya Akademi

മേഘത്തെ മോചിച്ചു പറന്നുകൊണ്ടു
മോദിച്ചു വെള്ളിൽപ്രകരം ലസിപ്പൂ
വാനത്തു തൂക്കീടിന കാററുലയ്ക്കും
നല്ലോരു വെൺതാമരമാലപോലെ.

സംഹൃഷ്ടരായ് കേതകപുഷ്പഗന്ധ-
മേറെറയിമ്പത്തൊടു ചോലതോറും
നീർ ചാടുവോരൊച്ചയിലമ്പരന്നി-
ട്ടാർക്കുന്നു മൈലൊത്തു മദദ്വിപേന്ദ്രർ.

തടിൽക്കൊടിക്കൂറകൾ കൊണ്ടണിഞ്ഞും
തടിച്ചു ഗംഭീരരവം കലർന്നും
സ്പഷ്ടം മഴക്കാറുകളുല്ലസിപ്പൂ
പടയ്ക്കൊരുമ്പെട്ട ഗജങ്ങൾപോലെ.

നേരം വഴിയ്ക്കദ്രിവനത്തിലേയ്ക്കു
പോരുംവിധൌ കാറെറാലി കേൾക്കയാലേ
മാററാനയെന്നോർത്തു പുറം തിരിഞ്ഞാൻ
മത്തുള്ളൊരാനപ്പെരുമാളടക്കായ്.

മിളിന്ദവീണാകളനാദമൊത്തും
മണ്ഡൂകവായ്ത്താരികളോടു ചേർന്നും
കാർമദ്ദളത്തിൻ ധ്വനിയാൽത്തെളിഞ്ഞും
കാട്ടിൽത്തുടങ്ങീ സദിരെന്നു തോന്നും.

ചിരം മയക്കീടിന നിദ്ര കൈവി-
ട്ടുണർന്നു ഭേകങ്ങൾ ഘനാരവത്താൽ
പലേതരം മൈനിറമൊച്ചയോടേ
നദിപ്പു പുത്തൻമഴയേററുറക്കെ.

Digitized By Kerala Sahitya Akademi

പുത്തൻജലം പൂണ്ടു കറുത്തകാറു
കറുത്ത കാർ ചേൎന്നു വിളങ്ങിടുന്നു
തിയ്യാൽക്കരിഞ്ഞീടിന കുന്നു ചേൎന്നു
തിയ്യാൽക്കരിഞ്ഞീടിന കുന്നുപോലേ.

അടിഞ്ഞ പുത്തൻ മഴമൂലമല്ലി-
യൊടിഞ്ഞ പൊയ്ത്താർകൾ വെടിഞ്ഞുവെക്കം
കടമ്പിനുള്ളല്ലിയണിപ്പുതുപ്പൂ-
വിടം പിടിപ്പൂ വരിവണ്ടു ഹൎഷാൽ.

മറഞ്ഞു കാറാലുഡുവൊത്ത വാനം,
വരാതെയായീ വെളിയിൽദ്ദിനേശൻ,
പരന്നു പാരിൽപ്പുതുനീരൊഴുക്കു,-
മിരുട്ടിനാൽദ്ദിക്കുകൾ മൂടലാൎന്നു.

പാറപ്പുറത്തേറിയടിച്ചുടഞ്ഞ
വിശാലമാം മാമലനീരൊഴുക്കം
മൈലൊച്ച കോലും ഗുഹതോറുമുണ്ടു
കൊഴിഞ്ഞ മുത്തിൻപടി മിന്നിടുന്നു.

മേഘങ്ങൾ പൊങ്ങും കടലൊച്ച പൂണ്ടു
മാനത്തു പററിപ്പൊരു മാരിയാലേ
കുളം തടാകം പുഴ പൊയ്ക മന്നു-
മൊട്ടുക്കൊലിയ്ക്കും വിധമാക്കിടുന്നു.

വാല്മീകി രാമായണം

Digitized By Kerala Sahitya Akademi

പാഠം ൨൫

## ഒരു മുനിയും, പുള്ളിമാനും

(കേക)

വിരതസമാധിയാം താപസൻ പതിവുപോ-
ലരികേ കിടക്കുന്ന മാനിന്റെ മൃതകത്തായ്
വെച്ചരുളിനാൻ തപശ്ശുഷ്കമാം തൃക്കൈ—ശ്രദ്ധ
വെച്ചനുഗ്രഹിച്ചാനസ്സാധുജീവിയെ വീണ്ടും.
ധ്യാനം വിട്ടിഹ ലോകസഞ്ചാരം തുടർന്നാലീ
മാനൊന്നേ മഹർഷിയ്ക്കു സുഖവിശ്രമദ്രവ്യം;
പലഭാഗത്തുമിതിൻ പൂമെയ്യിൽപ്പതിച്ചിട്ടു-
ണ്ടുലകപ്പെരുമാൾതൻ തൂവെള്ളിത്തിരുനാണ്യം.
അപ്പുള്ളിമാനിൻ പതഞ്ഞൊഴുകും സൌന്ദര്യത്തി-
ലുൾപ്പുക്കു നനഞ്ഞുപോയ് മുനിതൻ നയനങ്ങൾ;
വിലസുമവയിലെ പ്രേമത്തെ നുകർന്നിതോ,
തലപൊക്കിയ മാനിൻ നിശ്ചലനെടുംകണ്ണും!

വള്ളത്തോൾ

Vidya Vilasam Press, Trivandrum. 1932.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi